# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2623** — **10/12/2014-ൽ മറുപടിക്ക്**

## പക്ഷിപ്പനി ജനങ്ങളിലേക്ക് പടർന്നു പിടിയ്ക്കാതിരിയ്ക്കാൻ നടപടി

**ചോദ്യം**

**ശ്രീ.കെ.അജിത്**

എ) സംസ്ഥാനത്ത് പടർന്നു പിടിച്ച പക്ഷിപ്പനി ജനങ്ങളിലേക്ക് പടർന്നു പിടിയ്ക്കുന്ന രീതിയിലുള്ളതാണോ; എങ്കിൽ ഇതിനെതിരെ എന്തു പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

**മറുപടി**

**ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

സംസ്ഥാനത്ത് ചില പ്രദേശങ്ങളിൽ പടർന്നു പിടിച്ച പക്ഷിപ്പനി വളരെപ്പെട്ടെന്ന് ജനങ്ങളിലേയ്ക്ക് പടർന്നു പിടിക്കുന്ന രീതിയിലുള്ളതല്ല. എന്നാൽ ചില അപൂർവ്വ സാഹചര്യങ്ങളിൽ ഈ രോഗം മനുഷ്യരിലേയ്ക്ക് പകരാൻ സാദ്ധ്യതയുണ്ട്.

- പക്ഷിപ്പനി മനുഷ്യരിലേയ്ക്ക് പകരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളുടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്തെ മുഴുവൻ പക്ഷികളേയും കൊന്ന് സംസ്കരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ച് വരുന്നു.
- പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രീയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തി വരുന്നുണ്ട്.
- രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ ഒരു കിലോമീറ്റർ ചുറ്റളവിലും അതിന് പുറത്തുള്ള 9 കിലോമീറ്റർ ചുറ്റളവിലും മനുഷ്യരിലേയ്ക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗനിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും നടന്നു വരുന്നു.
- പക്ഷിപ്പനി നിയന്ത്രണത്തിന്

- ആവശ്യമായ മരുന്നുകൾ, സംരക്ഷണ ആവരണങ്ങൾ (പി.പി.ഇ.കിറ്റുകൾ) മുതലായവ സ്വരൂപിച്ച് മൂന്ന് ജില്ലകളിൽ അടിയന്തിരമായി എത്തിക്കാൻ നടപടികൾ സ്വീകരിച്ചു.
- ആലപ്പുഴ, കോട്ടയം പത്തനംതിട്ട എന്നിവിടങ്ങളിൽ ഐസൊലേഷൻ ആശുപത്രി സംവിധാനം, പ്രത്യേകം നിയോഗിക്കപ്പെട്ട ഡോക്ടർമാർ, മറ്റു അനുബന്ധ ജീവനക്കാർ, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഐ.സി.യു., വെന്റിലേറ്റർ അടക്കമുള്ള സംവിധാനങ്ങൾ തയ്യാറാണ്.

| | |
|---|---|
| ബി) സംസ്ഥാനത്ത് ഇതുവരെ പക്ഷിപ്പനി ജനങ്ങളിലേക്ക് പടർന്നു പിടിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരിൽ രോഗ ലക്ഷണം കണ്ടെത്തിയിട്ടുണ്ടെന്നും അറിയിക്കുമോ ; | ബി) സംസ്ഥാനത്ത് ഇതുവരെ പക്ഷിപ്പനി മനുഷ്യരിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| സി) പക്ഷിപ്പനി ജനങ്ങളിലേക്ക് പടരുന്നതു നേരിടാൻ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ യെന്നും വ്യക്തമാക്കുമോ ? | സി) പക്ഷിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകളെക്കുറിച്ച് പ്രത്യേകം പരിശീലനം മൃഗസംരക്ഷണവകുപ്പും ആരോഗ്യ വകുപ്പും ചേർന്ന് നൽകിയിട്ടുണ്ട്.<br><br>രോഗബാധിത പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഫീൽഡ് വിഭാഗം ജീവനക്കാർക്കും ആശാപ്രവർത്തകർക്കും പരിശീലനം നൽകിയിട്ടുണ്ട്. ജനങ്ങളുടെ ബോധവൽക്കരണത്തിനുവേണ്ടി ലഘുലേഘകളും ബിറ്റ് നോട്ടീസുകളും വിതരണം ചെയ്തിട്ടുണ്ട്. |

Sd/-

**സെക്ഷൻ ഓഫീസർ**